കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളിക്കോട് ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com

കെ.എസ്.എ.പിറ്റിഎ.പി9/98/2020

തീയതി: 05.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
വള്ളിക്കോട് ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: വള്ളിക്കോട് ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പിറ്റിഎ.പി9-98/2020 തീയതി 05.03.2020

**<u>പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 17.1.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.കെ.വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.1.2020 മുതൽ 31.1.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അരുൺ എസ് നായർ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമർ എസ്, ഓഡിറ്റർ |

**<u>ബി)നിർവ്വഹണാധികാരികൾ</u>**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി ലിസ്സിമോൾ ജോസഫ് *(പ്രസിഡന്റ്)* | 01.04.2018-31.3.2019 |
| ശ്രീ. മണിലാൽ വൈ *(വൈസ് പ്രസിഡന്റ്)* | 01.04.2018-31.3.2019 |
| ശ്രീമതി നിർമ്മല സാം (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 1.4.2018-31.3.2019 |
| ശ്രീമതി അമ്പിളി ജി നായർ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 1.4.2018-31.3.2019 |
| **<u>സെക്രട്ടറി</u>** ശ്രീ. നന്ദകുമാർ പി | 1.4.2018 – 31.3.2019 |

| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| | | |

| ഉദ്യോഗപ്പേര് | പേര്, മേൽവിലാസം | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സ്മിത ആർ,<br>നീരാഞ്ജനം, ചാരുംമൂട് പി.ഒ, ചുനക്കര,<br>ആലപ്പുഴ ജില്ല | 1.4.2018-<br>5.3.2019 |
| | ശ്രീ. കാർത്തിക് എസ്,<br>കൃഷ്ണകൃപ, പെരിനാട് പി.ഒ, കൊല്ലം ജില്ല | 6.3.2019-<br>31.3.2019 |
| കൃഷി ഓഫീസർ | ശ്രീമതി ബിന്ദു എസ്,<br>കല്ലുംപുറത്ത് വീട്, വെണ്മണി പി.ഒ,<br>ചെങ്ങന്നൂർ, ആലപ്പുഴ ജില്ല | 1.4.2018-<br>27.12.2018 |
| | ശ്രീമതി ഷീന എസ്.എൽ. | 28.12.2018-<br>10.02.2019 |
| | ശ്രീ. രഞ്ജിത്ത്കുമാർ എസ്,<br>തെക്കേചെരുവർ വീട്, അങ്ങാടിക്കൽ സൗത്ത് പി.ഒ, കൊടുമൺ 691555 | 11.2.2019-<br>31.3.2019 |
| വെറ്ററിനറി സർജൻ | ഡോ. അനിൽ റ്റി മാമ്മൻ,<br>തോട്ടത്തിൽ, മണ്ണടി പി.ഒ, അടൂർ | 1.4.2018-<br>31.3.2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ജ്യോതി വേണുഗോപാൽ,<br>ലക്ഷ്മിഗോവിന്ദം, കൂടൽ പി.ഒ | 1.4.2018-<br>31.3.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഗീത കെ,<br>ഹിന്ദോളം, വടക്കടത്തുകാവ് പി.ഒ, അടൂർ | 1.4.2018-<br>31.3.2019 |
| അസ്സിസ്സന്റ് സെക്രട്ടറി | ശ്രീമതി സുമ എസ് എൽ,<br>കളീക്കൽ തുണ്ടിൽ, തോന്നല്ലൂർ സൗത്ത്,<br>പന്തളം 689501 | 1.4.2018-<br>31.3.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സന്തോഷ് ജോസഫ്,<br>മുകളുവിളയിൽ, നെല്ലിമുകൾ പി.ഒ, അടൂർ | 1.4.2018-<br>31.3.2019 |
| ICDS സൂപ്പർവൈസർ | ശ്രീമതി ബ്രിന്ദ എസ് ജ്യോതി,<br>ആതിര, മുള്ളിക്കാല, തേവലക്കര പി.ഒ,കൊല്ലം ജില്ല | 1.4.2018-<br>15.7.2018 |
| | ശ്രീമതി ബിന്ദു വി നായർ,<br>മുരുപ്പേൽ,പാലമറ്റൂർ,കുമ്പഴ പി.ഒ689653 | 16.7.2018-<br>31.12.2018 |
| | ശ്രീമതി ദീപിക എസ്,<br>ലക്ഷ്മി നിവാസ്, അറുകാലിക്കൽ വെസ്റ്റ്,<br>പറക്കോട് പി.ഒ, അടൂർ 691544 | 01.01.2019-<br>31.3.2019 |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ലൈജ്ജ എൽ കെ,<br>ഇലഞ്ഞിക്കൽ, കോന്നി പി.ഒ | 1.4.2018-<br>31.3.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അനിയൻ എ കെ,<br>കൃഷ്ണ ബിൽഡിംഗ്, കിളിയൂർ, വെള്ളറട പി.ഒ, തിരുവനന്തപുരം ജില്ല | 01.04.2018-<br>31.03.2019 |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |

| | | |
|---|---|---|
| 1 | ബഡ്ജറ്റ് | 1–1 |
| 2 | വാർഷികധനകാര്യപത്രിക | 1–2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1–3 |
| 4 | ഫണ്ട് വിനിയോഗം | 1–4 |
| 5 | പദ്ധതി അവലോകനം | 1–5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1–6 |
| 7 | ക്ഷേമ പദ്ധതികൾ | 1–7 |
| 8 | ക്യാഷ് പരിശോധന | 1–8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1–9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1–11 |
| 12 | പഞ്ചായത്തിന് ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തത് മൂലം 0.33 കോടി രൂപ ലാപ്സായി | 1–12 |
| 13 | ബിൽഡിംഗ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതിന് എതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല | 1–13 |
| 14 | ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല | 1–14 |
| 15 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1–15 |
| 16 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തില്ല | 1–16 |
| 17 | ലൈസൻസ് അപേക്ഷകളില് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല | 1–17 |
| 18 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റൽ പ്രവർത്തിപ്പിക്കുന്നു | 1–18 |
| 19 | "Right of way" അനുമതിയില്ലാതെ ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകി | 1–19 |
| 20 | തൊഴിൽ നികുതി അസസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല | 1–20 |
| 21 | സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി | 1–21 |
| 22 | കാർഷിക പദ്ധതികളുടെ നിർവ്വഹണം കൺവീനർമാരെ ഏൽപ്പിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1–22 |
| 23 | ആയുർവ്വേദ ഡിസ്പൻസറി- കൺസൾറ്റിംഗ് മുറി പ്രവർത്തനസജ്ജമാക്കിയില്ല | 1–23 |
| 24 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് മതിയായ തുക വകയിരുത്തുന്നില്ല | 1–24 |
| 25 | മിനിപാർക്ക് – അവഗണനയുടെ അവസ്ഥയിൽ | 1–25 |
| 26 | കിണർ റീചാർജ്ജിംഗ് പദ്ധതിയ്ക്ക് ലഭ്യമായ തുക നാളിതുവരെ വിനിയോഗിച്ചില്ല | 1–26 |
| 27 | സമയബന്ധിത ഹയർ ഗ്രേഡ് നൽകിയതിനെ തുടർന്നുള്ള | 1–27 |

| | | |
|---|---|---|
| | ശമ്പള നിർണ്ണയം- അപാകതകൾ | |
| 28 | മരുന്ന വാങ്ങൽ പ്രോജക്ടുകൾ – മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-28 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>(ഇല്ല) | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>(ഇല്ല) | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 29 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബീലൈഷേൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പാ വായ്പാ തിരിച്ചടവ് | 4-5 |
| 34 | സ്ഥിരനിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 37 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 22.3.2018-തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബഡ്ജറ്റ് 05.02.2019-ന് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 16.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9268133 |
| | |

| | |
|---|---|
| വരവ് | 72342614 |
| ആകെ | 81610747 |
| ചെലവ് | 59386933 |
| നീക്കിയിരിപ്പ് | 22223814 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | -- | 11846000 | 11846000 | 11744493 | 101507 |
| വികസന ഫണ്ട്-എസ്.സി.പി (") | | -- | 8541000 | 8541000 | 5890679 | 2650321 |
| വികസന ഫണ്ട്-ടി.എസ്.പി (") | | -- | 120000 | 120000 | 0 | 120000 |
| റോഡ് സംരക്ഷണ ഗ്രാന്റ് (") | | -- | 5711000 | 5711000 | 5704451 | 6549 |
| റോഡിതര സംരക്ഷണ ഗ്രാന്റ് (") | | -- | 2780000 | 2780000 | 2247345 | 532655 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (") | | -- | 5499000 | 5499000 | 5489496 | 9504 |
| സാക്ഷരത | | 2133 | 108 | 2241 | -- | 2241 |
| എസ്.ബി.ഐ- ഇ-പേയ്മെന്റ് | | 80101 | 78163 | 158264 | -- | 158264 |
| എം.ജി.എൻ .ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 4203 | 689487 | 693690 | 687010 | 6680 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | -- | 22423068 | 22423068 | 22423068 | -- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 541441 | 426119 | 967560 | 156859 | 810701 |
| TSC | | 224478 | -- | 224478 | -- | 224478 |
| ജോയിന്റ് വെൻച്വർ അക്കൗണ്ട് | | 338000 | 11187443 | 11525443 | 7091840 | 4433603 |
| ബി ഫണ്ട് | | -- | 119400 | 119400 | 119400 | -- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7839761 | 11901126 | 19740887 | 10696371 | 9044516 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ്) | 153618 | 8638347 | 8791965 | 1328464 | 7463501 |
| | SSA | 31209 | 1107 | 32316 | . | 32316 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 267 | 64005716 | 198 | 41506347 | 69 | 74.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4203 | 689487 | 693690 | 687010 | 6680 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 22423068 | 22423068 | 22423068 | -- |

## 1-7 ക്ഷേമ പദ്ധതികൾ

2018-19-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119400 | 77 |
| കർഷകതൊഴിലാളി പെൻഷൻ | 3906800 | 299 |
| വിധവാ പെൻഷൻ | 11674000 | 921 |
| വാർദ്ധക്യകാല പെൻഷൻ | 21794900 | 1598 |
| വികലാംഗ പെൻഷൻ | 2830500 | 208 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 554900 | 46 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.1.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7641/-(ഏഴായിരത്തി അറുനൂറ്റി നാൽപത്തി ഒന്ന്) രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും ചുവടെ പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു-

1. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും വാർഡ് അടിസ്ഥാനത്തിലുള്ള കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. പഞ്ചായത്തിനെ ഒരു യൂണിറ്റായി പരിഗണിച്ച് മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിക്കണമെന്ന തത്വം പാലിക്കപ്പെടുന്നില്ല.
2. 2011-ലെ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ 5(4), 6(4) എന്നീ ചട്ടങ്ങൾ പ്രകാരം കാഷ് ബുക്ക്, ബാങ്ക് ബുക്കുകൾ ദിവസേന ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.12.2019-5.12.2019 | 9/2019 - 10/2019 | 30.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.6.2012 | 2007-08 മുതൽ 2011-12 വരെ | 17.7.2012 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-9- Recoveries Payable – Other recoveries from Employees ഇനത്തിൽ ബാലൻസ് കാണിച്ചിരിക്കുന്ന തുകയുടെ (28926/-) വിശദാംശങ്ങൾ ലഭ്യമല്ല.
2. ഷെഡ്യൂൾ ബി-15- AFS പ്രകാരമുള്ള വസ്തു നികുതി ഡി.സി.ബി, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, ബാലൻസ്, കളക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഓഡിറ്റ് റിക്കവറി ഇനത്തിൽ 6141/- രൂപ രേഖപ്പെടുത്തിയത് തെറ്റാണ്.

# 1-12 പഞ്ചായത്തിന് ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തത് മൂലം 0.33 കോടി രൂപ ലാപ്സായി

ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനായി തൻ വർഷം ലഭിച്ച വിവിധ ഫണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| *ഫണ്ടിനം* | *വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക* | *ലഭ്യമായ തുക* | *ചെലവ്* | *ലാപ്സായ തുക* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14536894 | 11846000 | 11744493 | 101507 |
| വികസന ഫണ്ട് (എസ്.സി.പി) | 9764584 | 8541000 | 5890679 | 2650321 |
| റോഡ് സംരക്ഷണ ഗ്രാന്റ് | 8622395 | 5711000 | 5704451 | 6549 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 3521000 | 2780000 | 2247345 | 532655 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7584788 | 5499000 | 5489496 | 9504 |
| ആകെ | | | | 3300536 |

മേൽ സൂചിപ്പിച്ചത് പ്രകാരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതുമൂലം പഞ്ചായത്തിന് 3300536/- രൂപയുടെ നഷ്ടമുണ്ടായി. പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയ ഫലപ്രദവും കാര്യക്ഷമവുമാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമമുണ്ടാകേണ്ടതാണ്.

# 1-13 ബിൽഡിംഗ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതിന് എതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല

ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കാണുകയുണ്ടായി.

I BP No.C4/2042/2018

1. ശ്രീമതി ജയശ്രീ, ഇടത്തറ പുത്തൻവീട്, വാഴമുട്ടം എന്നയാൾക്ക് വള്ളിക്കോട് വില്ലേജിലെ 279/17 റീ സർവ്വേ നമ്പർ വസ്തുവിൽ commercial cum residential building പണിയുന്നതിനായി ബിൽഡിംഗ് പെർമിറ്റ് നം. C4-BA(136875)/2018

തീയതി 6.07.2019 പ്രകാരം അനുമതി നൽകിയിരുന്നു. ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള അളവ് Residential 65.21 ച.മീ., Commercial 44.5 ച.മീ. എന്നിങ്ങനെയാണ്. എന്നാൽ അനുവദിച്ചിട്ടുള്ള പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പാർപ്പിടാവശ്യത്തിനുള്ള ഒന്നാം നിലയിൽ ബെഡ്റൂം, കിച്ചൻ, ഹാൾ, ടോയിലറ്റ് എന്നിവയാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ ഈ ഭാഗം രണ്ട് മുറികളായി തിരിച്ച് ഷട്ടറുകൾ ഇട്ടിരിക്കുകയാണ്.

2. കോന്നി-ചന്ദനപ്പള്ളി റോഡിനോട് ചേർന്നുള്ള അതിരിൽ നിന്നും കെട്ടിടം വരെ കുറഞ്ഞത് 3.04 മീറ്റർ ദൂരമുള്ളതായിട്ടാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220-പ്രകാരം റോഡിനോട് ചേർന്ന അതിരിൽ നിന്നും 3 മീറ്ററിനുള്ളിൽ ചുറ്റുമതിലല്ലാതെ സ്ഥിരമായതോ താത്ക്കാലികമായതോ ആയ യാതൊന്നും നിർമ്മിക്കാൻ അനുവാദമില്ല. എന്നാൽ ഇതിന് വിരുദ്ധമായി ഈ ഭാഗം മുന്നോട്ട് ഇറക്കി നിർമ്മിച്ചിട്ടുണ്ട്.

3. 76.79 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ള കെട്ടിടത്തിന് 2 പാർക്കിംഗ് യൂണിറ്റാണ് കാണിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ പാർക്കിംഗിനുള്ള സ്ഥലം ഇല്ല. നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലമാണ് പാർക്കിംഗിനായി കാണിച്ചിരിക്കുന്നത്.

2. BP No.C4/122/2019

ശ്രീ തുളസീധരൻ നായർ, പെരുവംകുളത്ത്, വള്ളിക്കോട് എന്നയാൾക്ക് വള്ളിക്കോട് വില്ലേജിലെ 177/2 സർവ്വേ നമ്പർ വസ്തുവിൽ 122 ച.മീറ്റർ വിസ്തൃതിയുള്ള commercial cum residential building പണിയുന്നതിനായി 19.01.2019-ലെ C4-BA(22914)/2019 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നു. പ്ലാൻ പ്രകാരമുള്ള അളവ് Residential 59 ച.മീ., Commercial 54 ച.മീ. എന്നിങ്ങനെയാണ്. എന്നാൽ അനുവദിച്ചിട്ടുള്ള പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. വള്ളിക്കോട്-കൈപ്പട്ടൂർ റോഡിനോട് ചേർന്നുള്ള അതിരിൽ നിന്നും കെട്ടിടത്തിലോട്ട് കുറഞ്ഞത് 3.04 മീറ്റർ ദൂരമുള്ളതായിട്ടാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220-പ്രകാരം റോഡിനോട് ചേർന്ന അതിരിൽ നിന്നും 3 മീറ്ററിനുള്ളിൽ ചുറ്റുമതിലല്ലാതെ സ്ഥിരമായതോ താത്ക്കാലികമായതോ ആയ യാതൊന്നും നിർമ്മിക്കാൻ അനുവാദമില്ല. എന്നാൽ ഇതിന് വിരുദ്ധമായി ഈ ഭാഗം മുന്നോട്ട് ഇറക്കി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

2. വസ്തുവിന്റെ പുറകിലത്തെ അതിരിൽ നിന്നും കെട്ടിടവുമായി 1 മീറ്റർ അകലമുണ്ടെന്നാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. അതിരിനോട് ചേർന്ന് വെള്ളമൊഴുകുന്ന ഒരു തോടും ഉണ്ട്. എന്നാൽ ഈ തോടിന്റെ അതിരിൽ നിന്നും ഏകദേശം 50 സെന്റീ മീറ്റർ മാത്രമാണ് കെട്ടിടവുമായുള്ള അകലം.

3. 89.6 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ള കെട്ടിടത്തിന് 2 പാർക്കിംഗ് യൂണിറ്റാണ് കാണിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ പാർക്കിംഗിനുള്ള സ്ഥലം ഇല്ല. ആ ഭാഗത്തും കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

അനുവദിച്ച പെർമിറ്റിന് വിരുദ്ധമായി നടത്തിയ നിർമ്മാണപ്രവൃത്തികൾക്കെതിരെ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-14 ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിർണ്ണയിക്കണമെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസതുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുള്ള 2 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള ഉപയോഗക്രമം | തറ വിസ്തീർണ്ണം | നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|
| 10/150 | അസംബ്ലി കെട്ടിടം | 150 | 40 | 6000 |
| 10/151 | ഓഫീസ് ആവശ്യത്തിനുള്ളവ | 35 | 40 | 1400 |

എന്നാൽ ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഈ രണ്ട് കെട്ടിങ്ങളിലും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൻപ്രകാരം നിർണ്ണയിക്കേണ്ട നികുതി ചുവടെ ചേർക്കുന്ന

| കെട്ടിട നം. | ഉപയോഗക്രമം | തറ വിസ്തീർണ്ണം | നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|
| 10/150 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) | 150 | 60 | 9000 |
| 10/151 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) | 35 | 45 | 1575 |

കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-15 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം |
| 2 | റേഷൻ കടകൾ |
| 3 | രവി റിംഗ് വർക്ക്സ് |
| 4 | ഇഷ്ടികച്ചൂളകൾ |
| 5 | എക്കോഷോപ്പ് കൈപ്പട്ടൂർ |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-16 സ്ഥാപന തൊഴിൽ നികുതി പൂർണമായി പിരിച്ചെടുത്തില്ല.

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള അർദ്ധ വാർഷിക സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി |
|---|---|---|
| | | അർദ്ധ വർഷം |
| 1 | മുള്ളൂട്ടിൽ നിധി ലിമിറ്റഡ് | 1st & 2nd |
| 2 | നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | വള്ളിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | ഇഷ്ടിക ചൂളകൾ | 1st & 2nd |
| 5 | അക്ഷയകേന്ദ്രം, വള്ളിക്കോട് | 1st & 2nd |
| 6 | കോമൺ സർവ്വീസ് സെന്റർ, കൈപ്പട്ടൂർ | 1st & 2nd |

| 7 | റേഷൻ കടകൾ | $1^{st}$ & $2^{nd}$ |
|---|---|---|

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസ് അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 ചട്ടങ്ങൾ പ്രകാരം ഉൾപ്പെടുത്തിയ ചട്ടം 5A പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചാൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഉടൻ തന്നെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും എന്തെങ്കിലും രേഖകളുടെ കുറവോ അപാകതകളോ ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ ഉടൻ തന്നെ അറിയിക്കേണ്ടതും അപാകത പരിഹരിക്കുന്നതിന് മൂന്നു ദിവസത്തിൽ കവിയാത്ത സമയം അനുവദിക്കേണ്ടതുമാണ്. ആവശ്യമായ എല്ലാ അനുമതികളും സഹിതം ലൈസൻസ് ഫീസ് അടച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ 7-ദിവസത്തിനകം പ്രസിഡന്റ് ലൈസൻസ് അനുവദിക്കേണ്ടതാണെന്ന് ചട്ടം 6 ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സമയപരിധി പാലിക്കാതെയാണ് പഞ്ചായത്തിൽ ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ വിവരങ്ങൾ | ലൈസൻസ് ആവശ്യം | അപേക്ഷ സമർപ്പിച്ച തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|
| അനിയൻ കുഞ്ഞ് സി.ജി., ചരിവുകാലായിൽ, ഞക്കുനിലം. iX/380 | പലചരക്ക്, സ്റ്റേഷനറി വ്യാപാരം | 17.02.18 | 05.05.18 |
| സോമസുന്ദരൻ നായർ, സതീഷ് വില്ല, വാഴമുട്ടം VI/557 | സിമന്റ് കട്ട നിർമ്മാണം | 21.02.18 | 01.06.18 |
| രാജാനന്ദ് എസ്.,കല്ലിട്ടതിൽ തെക്കേതിൽ, ഞക്കുനിലം, X/85 | ഫുഡ് പ്രൊഡക്ഷൻ & ഡിസ്ട്രിബ്യൂഷൻ | 05.03.18 | 02.05.18 |
| രാജാ.ജെ, പ്ലാവിള വടക്കേതിൽ വീട്, II/12,13 | എഞ്ചീനീയറിംഗ് വർക്ക്സ് | 03.04.18 | 17.05.18 |
| കവിത വി.ആർ., മറുകര പുത്തൻവീട്, വള്ളിക്കോട് V/466 | ബേബി ഫുഡ് , ഇംഗ്ലീഷ് മരുന്നു വിൽപ്പന | 28.03.18 | 22.05.18 |
| അനിൽകുമാർ റ്റി.കെ., താഴെ കിഴക്കേതിൽ, നരിയാപുരം, XV/137,138 | വെൽഡിംഗ് വർക്ക് ഷോപ്പ് | 04.04.18 | 10.07.18 |
| അന്നമ്മ ബാബു, തൈപ്പറമ്പിൽ വീട്, വാഴമുട്ടം ഈസ്റ്റ്, VII/459 | പെയിന്റ്, സിമന്റ് , സാനിറ്ററി വ്യാപാരം | 29.03.18 | 19.07.18 |
| ജിജി സി.വർഗ്ഗീസ്, ചക്കാല | ഗ്രേയ്സ് സൂപ്പർ | 28.04.18 | 03.08.18 |

| | | | |
|---|---|---|---|
| കിഴക്കേതിൽ, കൈപ്പട്ടൂർ, ii/570,581 | മാർക്കറ്റ് | | |
| സുധീർകുമാർ എ., തകടിയേത്ത് വീട്, മല്ലശ്ശേരി പി.ഒ. II/09 | വാഹന പുക പരിശോധന കേന്ദ്രം | 25.05.18 | 06.08.18 |

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/30.01.20), ടി. സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടയ്ക്കാൻ താമസിച്ചതു കൊണ്ടാണ് ലൈസൻസ് അനുവദിക്കാൻ കാലതാമസം നേരിട്ടതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളും ഫയൽ കുറിപ്പുകളും പരിശോധിച്ചതിൽ നിന്നും ഫീസ് അടക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ടി.സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും യാതൊരു നിർദ്ദേശങ്ങളും നൽകിയതായി കണ്ടില്ല. അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിലധികം സമയത്തിനു ശേഷമാണ് ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുകയും അവ ലളിതമാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ആയതിന്റെ അന്ത:സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും അനുമതികളും അനുവദിച്ചു നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റൽ പ്രവർത്തിപ്പിക്കുന്നു

പഞ്ചായത്ത് പരിധിയിൽ കൈപ്പട്ടൂരിൽ പ്രവർത്തിക്കുന്ന എ.എം.ആർ. എന്ന സ്വകാര്യ ഹോസ്പിറ്റൽ 2018-19 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും അത്തരം നടപടികൾ ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 "Right of Way" അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകി

കൈപ്പട്ടൂർ ജംഗ്ഷനിൽ എയർടെൽ ടവറിലേക്കു പോകുന്ന പഞ്ചായത്ത് വഴിയിൽ 200മീ. ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ഭാരതി എയർടെലിന് പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. റോഡ് റീസ്റ്റോറേഷൻ ചാർജ്ജ്, ഭൂമി വാടക ഇനങ്ങളിലായി 132696 രൂപ ഈടാക്കിയതിനുശേഷമാണ് അനുമതി നൽകിയിട്ടുള്ളത്.

സംസ്ഥാനത്തെ ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ അധികാരപരിധിയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ടെലികോം കമ്പനികൾക്ക് സംസ്ഥാന വിവരസാങ്കേതിക വകുപ്പിൽ നിന്നുള്ള "Right of Way" അനുമതി ആവശ്യമാണ്. വള്ളിക്കോട് പഞ്ചായത്തിലെ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി ലഭിച്ചതിന്റെ വിവരങ്ങൾ ഭാരതി എയർടെൽ ഹാജരാക്കിയിട്ടില്ല. "Right of Way"

അനുമതി ഇല്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി (നം.13 തീ:30.01.2020) മറുപടി ലഭ്യമാക്കിയില്ല.

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി നൽകുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 15.09.2015-ലെ ജി.ഒ.(എം.എസ്.)നം.39/2015/ITD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ROW അനുമതിയ്ക്കുവേണ്ടി കമ്പനി കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ ഒറ്റത്തവണ വിഹിതം സർക്കാരിൽ അടയ്ക്കുകയും മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുമാണ്. കൂടാതെ സർക്കാരുമായി കമ്പനി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ 15-വർഷം അല്ലെങ്കിൽ കമ്പനിയുടെ ലൈസൻസ് കാലാവധി അവസാനിക്കുന്നതുവരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ മാത്രമാണ് ROW അനുമതിയ്ക്ക് പ്രാബല്യമുള്ളത്.

ROW അനുമതി നേടുന്ന കമ്പനി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ കടന്നുപോകുന്ന റൂട്ടിൽ നിന്നും 2KM റോഡ് ദൂരത്തിലുള്ള ജില്ലാ, ബ്ലോക്ക്, താലൂക്ക് കേന്ദ്രങ്ങളിൽ എഗ്രിമെന്റ് കാലയളവിലുടനീളം നിശ്ചിത സ്പീഡിലുള്ള സൗജന്യ ബാൻഡ്‌വിഡ്ത്ത് അനുവദിക്കേണ്ടതുമാണ്. വിവര സാങ്കേതിക വകുപ്പിൽ നിന്നും ROW അനുമതി വാങ്ങിയിട്ടില്ലാത്ത ഭാരതി-എയർടെല്ലിൽ നിന്നും ഭൂമി വാടക ഇനത്തിൽ 112500 രൂപയും റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 20196 രൂപയും ഈടാക്കിയാണ് പഞ്ചായത്ത് അനുമതി നൽകിയിട്ടുള്ളത്.

ROW അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ പൂർണ്ണമായി സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ നിയമപ്രകാരം ആവശ്യമായിരുന്ന ROW സർക്കാരിൽ നിന്നും വാങ്ങി ഹാജരാക്കുന്നതിന് കമ്പനിയ്ക്ക് നിർദ്ദേശം നൽകേണ്ടതും ഹാജരാക്കാത്തപക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി അസ്സസ്സമെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.

തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്താണ് വള്ളിക്കോട്. പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാവേണ്ട തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. 2018-19 സാമ്പത്തിക വർഷം 51 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തെഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള 199 സ്ഥാപനങ്ങളിൽ 7-സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി | |
|---|---|---|---|
| | | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം |
| 1 | മുരിക്കുവേലിൽ ഇൻഡസ്ട്രീസ്, vi/557 | 1St & 2nd | 4 |
| 2 | ടെക്നോപാക്ക്സ് പേപ്പർ കവർ നിർമ്മാണം, X/150 | 1st & 2nd | 7 |
| 3 | തൈപ്പറമ്പിൽ സോമിൽസ്, VII/447 | 1st & 2nd | 3 |
| 4 | എസ്&ബി അസ്സോസിയേറ്റ്സ്, വിത്ത്, വളം, കീടനാശിനി വ്യാപാരം,II/484,486 | 1st & 2nd | 3 |
| 5 | എസ്&ബി അസ്സോസിയേറ്റ്സ്, റബർ വ്യാപാരം, II/485 | 1st & 2nd | 4 |
| 6 | ദക്ഷിണ സോമിൽ, X/27 | 1st & 2nd | 5 |

| | | | |
|---|---|---|---|
| 7 | ട്രിപ്പിൾ എസ്സ് അലുമിനിയം ഫാബ്രിക്കേഷൻ, XV/108 | $1^{st}$ & $2^{nd}$ | 5 |
| 8 | ഒലീവ് ടച്ച് ഹെൽത്ത് കെയർ സർവ്വീസസ്, II/301 | $1^{st}$ & $2^{nd}$ | 6 |
| 9 | മുരളീധരൻ, മുരളീ കാറ്ററിംഗ്, VI/607 | $1^{st}$ & $2^{nd}$ | 5 |
| 10 | പെൻഗ്വിൻ ആട്ടോവാഷ്, മാമ്മൂട്, XIII/409,410 | $1^{st}$ & $2^{nd}$ | 4 |
| 11 | സുരേഷ് ജോർജ്ജ്, എവർഷൈൻ കാറ്ററിംഗ്, XIII/460 | $1^{st}$ & $2^{nd}$ | 4 |
| 12 | മുളമൂട്ടിൽ നിധി ലിമിറ്റഡ് | $1^{st}$ & $2^{nd}$ | - |
| 13 | നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം | $1^{st}$ & $2^{nd}$ | - |
| 14 | വള്ളിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം | $1^{st}$ & $2^{nd}$ | - |
| 15 | കരിക്കിനേത്ത് ഫേബ്രിക്സ്, കൈപ്പട്ടൂർ, ii/323,324 | $1^{st}$ & $2^{nd}$ | 5 |
| 16 | ധാർമ്മിക്ക് എഞ്ചിനീയറിംഗ് വർക്ക്സ്, X/555 | $1^{st}$ & $2^{nd}$ | 4 |
| 17 | അക്ഷയകേന്ദ്രം, വള്ളിക്കോട് | $1^{st}$ & $2^{nd}$ | - |
| 18 | കോമൺ സർവ്വീസ് സെന്റർ, കൈപ്പട്ടൂർ | $1^{st}$ & $2^{nd}$ | - |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ഏതൊരു കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബിന്റെയോ, താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ ഭൂമിയോ ഹോട്ടലോ, ബോർഡിംഗോ ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക എന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205C പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു സർക്കാർ/സ്വകാര്യ ഓഫീസ്, ഹോട്ടൽ, ബോർഡിംഗ്/ ലോഡ്ജിംഗ് ഹൗസ്, ക്ലബ്, ഫേം/കമ്പനി എന്നിവയുടെയും തൊഴിലുടമ/തലവൻ/അഡ്മിനിസ്റ്റേറ്റർ/മാനേജരോട് തൊഴിലുടമയുടെയും അവിടെ തൊഴിലെടുക്കുന്ന എല്ലാവരുടെയും വിവരങ്ങളടങ്ങിയ ലിസ്റ്റ് ജീവനക്കാരുടെ ശമ്പള/ വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കുവാൻ നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതുമാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-21 സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി

| പ്രോജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| 61/19 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 247744 | ബിൽ നം.5/18-19 തീ:14.03.19 | 73500 |
| | തനത്ഫണ്ട് | 52256 | ബിൽ നം.6/18-19 തീ:14.03.19 | 68350 |
| | | | ബിൽ നം.7/18-19 തീ:14.03.19 | 61500 |
| | **ആകെ** | **300000** | **ആകെ** | **203350** |

വാഴമുട്ടം ഗവ.എൽ.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ലാപ്പ്ടോപ്പ്, മൾട്ടീമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, ഡിജിറ്റൽ പോഡിയം, 1.5 ടൺ എ.സി., ജഫേഴ്സൺ ചെയർ, റിവോൾവിംഗ് ചെയർ, കമ്പ്യൂട്ടർ ടേബിൾ, സ്പീക്കർ എന്നിവ വാങ്ങി സ്ഥാപിക്കുകയും കർട്ടൺ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നീ ജോലികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടെൻഡർ മുഖേന ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വേർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സ.ഉ.(സാധാ) നം.97/2018/ പൊ.വി.വ. തീയതി:06.01.18 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(a)** ലാപ്പ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, വൈറ്റ് ബോർഡ്, യു.എസ്.ബി.സ്പീക്കർ, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് ഐ.സി.ടി. മാർഗ്ഗരേഖ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ. എന്നാൽ ഐ.സി.ടി.മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഡിജിറ്റൽ പോഡിയം, 1.5 ടൺ എയർകണ്ടീഷണർ എന്നിവ പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്നു തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15000/- രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50000/- രൂപയിൽ കവിയാതെയും വാങ്ങണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഡിജിറ്റൽ പോഡിയത്തിന് 24000 രൂപയും 1.5 ടൺ എ.സി.ക്ക് 38500 രൂപയും ചെലവഴിച്ചിട്ടുണ്ട്. സാധാരണ വൈറ്റ് ബോർഡിനു പകരം 23000 രൂപ വിലയുള്ള ഇന്ററാക്ടീവ് ബോർഡാണ് വാങ്ങിയിട്ടുള്ളത്.

**(b)** സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ ഓരോന്നിനും ചെലവഴിക്കാവുന്ന പരമാവധി തുക, വില്പനാന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച സ.ഉ.(സാധാ) നം.97/2018/പൊ.വി.വ. തീയതി: 06.01.18 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | വാങ്ങലിനായി ചെലവഴിച്ച തുക | സർക്കാർ ഉത്തരവുകൾ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക |
|---|---|---|---|
| മൾട്ടീമീഡിയ പ്രൊജക്ടർ | 34300 | 23860 | 10440 |
| പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് | 4200 | 4900 | - |
| ലാപ്പ്ടോപ്പ് | 29800 | 31000 | - |

| | | | |
|---|---|---|---|
| ഇന്ററാക്റ്റീവ് ബോർഡ് | 23000 | 7990<br>(വൈറ്റ് ബോർഡ്) | 15010 |
| **പോഡിയം** | **24000** | - | - |
| യു.എസ്.ബി.സ്പീക്കർ | 750 | 770/- | - |
| ജഫേഴ്സൺ ചെയർ<br>(20 എണ്ണം) | 35000 | - | - |
| കമ്പ്യൂട്ടർ ടേബിൾ | 3500 | - | - |
| റിവോൾവിംഗ് ചെയർ | 3000 | - | - |
| **1.5ടൺ എ.സി.** | **38500** | - | - |
| ഇലക്ട്രിഫിക്കേഷൻ വർക്ക് | 2800 | - | - |
| കർട്ടണൻ വർക്ക് | 4500 | - | - |
| **ആകെ** | **203350** | | **25450** |

**(c)** സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾക്ക് 2- വർഷത്തെ പ്രോഡക്റ്റ് വാറന്റിയും 3-വർഷത്തെ സർവ്വീസ് വാറന്റിയും ലഭ്യമാക്കുന്നതിന് സ്ഥാപനവുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഹാർഡ്‌വേർ പരാതികൾ വിതരണക്കാർ 2- പ്രവർത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5-പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ, പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ പിഴ ഈടാക്കേണ്ടതുമാണെന്നുമുള്ള സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശം സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീ:25.01.2020), നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്മാർട്ട് ക്ലാസ്സ്റൂമുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല. ഐ.സി.ടി. മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ടെൻഡറുകളുടെ പരിശോധന നടത്തിയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 24.01.19-ലെ യോഗം ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആർ.ജെ.എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും 25.01.2019-ലെ 2(4) നമ്പർ തീരുമാന പ്രകാരം കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 25450/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 കാർഷിക പദ്ധതികളുടെ നിർവ്വഹണം കൺവീനർമാരെ ഏൽപ്പിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഗ്രാമപഞ്ചായത്തുകളുടെ 2018-19- സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകൾ 29.01.18-ലെ സ.ഉ.(കൈ)നം.11/2018/തസ്വഭവ, 14.02.18-ലെ സ.ഉ.(കൈ)നം.22/2018/ തസ്വഭവ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ഏതെല്ലാം പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്നും അവയുടെ നിർവ്വഹണം എപ്രകാരമായിരിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി കൺവീനർമാരെ വച്ചാണ് ഗ്രാമപഞ്ചായത്തിൽ കാർഷിക പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഓരോ പദ്ധതിയുടെയും കൺവീനർമാരായി ഗുണഭോക്താക്കളിൽ ഒരാളെ നിശ്ചയിക്കുകയും ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയും ചെയ്തു. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കൽ, പദ്ധതിയ്ക്കു വേണ്ടിയുള്ള വാങ്ങലുകൾ നടത്തൽ, വിതരണം നടത്തൽ എന്നിവയെല്ലാം കൺവീനറാണ് നിർവ്വഹിച്ചിട്ടുള്ളത്. കൺവീനർ വാങ്ങൽ നടത്തിയ സ്ഥാപനത്തിന് ഗുണഭോക്തൃ വിഹിതം ഒഴിച്ചുള്ള തുക മാറി നൽകുന്ന ഉത്തരവാദിത്തം മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ചെയ്തിട്ടുള്ളത്. കൺവീനർമാർ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെപേരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | പദ്ധതിയുടെ |
|---|---|---|---|
| | | | |

| നമ്പരും | | | വിശദാംശങ്ങൾ |
|---|---|---|---|
| വീട്ടുവളപ്പിൽ ജൈവ പച്ചക്കറി കൃഷി (വനിത)<br>13/18-19 | വികസന ഫണ്ട്-385000<br>ഗുണഭോക്തൃ വിഹിതം-87500 | വികസന ഫണ്ട്-283390 | 1667 പാക്കറ്റ് ജൈവവളം 200 രൂപ നിരക്കിൽ കെയ്കോയിൽ നിന്നും 1667 പാക്കറ്റ് പച്ചക്കറി വിത്ത് 20 രൂപ നിരക്കിൽ വി.എഫ്.പി.സി.കെ. യിൽ നിന്നും വാങ്ങിയാണ് കൺവീനർ വിതരണം നടത്തിയത്. ജൈവവളത്തിന്റെ വിലയുടെ 75% തുക കെയ്കോയ്ക്കും പച്ചക്കറി വിത്തുകളുടെ വില വി.എഫ്.പി.സി.കെ. യ്ക്കും കൃഷി ഓഫീസർ നേരിട്ട് നൽകി. |
| തെങ്ങ് കൃഷി വികസന പദ്ധതി<br>55/18-19 | വികസന ഫണ്ട്-165000<br>ഗുണഭോക്തൃ വിഹിതം-60000 | വികസന ഫണ്ട്-45600<br>ഗുണഭോക്തൃ വിഹിതം -50015 | കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ നിന്നും 1250 എണ്ണം തെങ്ങിൻതൈകളും കെയ്കോയിൽ നിന്നും 2342.17 കി.ഗ്രാം. ജൈവവളവും കൺവീനർ വാങ്ങി എല്ലാ ഗുണഭോക്താക്കൾക്കും 5 തെങ്ങിൻ തൈകളും, 9.37കി.ഗ്രാം. ജൈവവളവും വീതം വിതരണം നടത്തി. ഗുണഭോക്തൃ വിഹിതമിനത്തിൽ 50015 രൂപ കൺവീനർ പിരിച്ചെടുത്ത് ഒടുക്കി. ജൈവവളം തെങ്ങിൻ തൈ എന്നിവയുടെ വില കൃഷി ഓഫീസർ നേരിട്ട് നൽകി. (68400 രൂപയുടെ |

| | | | |
|---|---|---|---|
| | | | ബിൽ കൂവിൽ ആയിരുന്നതിനാൽ 2019-20 ലാണ് ചെലവ് നൽകിയത്. |
| ഏത്തവാഴക്കൃഷി<br>60/18-19 | വികസന ഫണ്ട്-495000<br>ഗുണഭോക്തൃ വിഹിതം-75000 | വികസന ഫണ്ട്-495000 | കെയ്ക്കോയിൽ നിന്നും 15 രൂപ വീതം വിലയുള്ള 18000 വാഴവിത്ത് 200 രൂപ വീതം വിലവരുന്ന 1500 പാക്കറ്റ് ജൈവവളം എന്നിവ കൺവീനർ വാങ്ങി എല്ലാ ഗുണഭോക്താക്കൾക്കും 12 വാഴവിത്തും 1 പാക്കറ്റ് ജൈവവളവും വീതം വിതരണം നടത്തി. ജൈവവളത്തിന്റ വിലയുടെ 75% തുകയും വാഴവിത്തിന്റ വിലയുടെ 100% തുകയും കൃഷി ഓഫീസർ കെയ്ക്കോയ്ക്ക് നേരിട്ട് നൽകി. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റയും ചെലവഴിച്ചതിന്റയും രേഖകളില്ല. |
| സമഗ്ര പുരയിട കൃഷി (ജനറൽ വനിത) | വികസന ഫണ്ട്-525000 | വികസന ഫണ്ട്- 525000 | കെയ്ക്കോയിൽ നിന്നും 375 രൂപ വിലയുള്ള 1400 പാക്കറ്റ് കിഴങ്ങ് വിള കിറ്റ് കൺവീനർ വാങ്ങി വിതരണം നടത്തി. കിഴങ്ങ് വിള കിറ്റുകളുടെ വിലയുടെ 100% തുകയും കൃഷി ഓഫീസർ കെയ്ക്കോയ്ക്ക് നേരിട്ട് നൽകി. |
| സമഗ്ര പുരയിട കൃഷി (എസ്.സി.പി. വനിത) | എസ്.സി.പി.ഫണ്ട്-198000<br>ഗുണഭോക്തൃ വിഹിതം-24000 | എസ്.സി.പി.ഫണ്ട്-198000 | കെയ്ക്കോയിൽ നിന്നും 420 രൂപ വിലയുള്ള 300 പാക്കറ്റ് കിഴങ്ങ് വിള കിറ്റും 3200 കി.ഗ്രാം. ജൈവവളവും കൺവീനർ വാങ്ങി |

| | | | |
|---|---|---|---|
| | | | വിതരണം നടത്തി. കിഴങ്ങ് വിള കിറ്റുകളുടെ വിലയുടെ 100% തുകയും ജൈവവളത്തിന്റ വിലയുടെ 75% തുകയും കൃഷി ഓഫീസർ കെയ്ക്കോയ്ക്ക് നേരിട്ട് നൽകി. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റയും ചെലവഴിച്ചതിന്റയും രേഖകളില്ല. |

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൺവീനർമാർ മുഖേന നടപ്പിലാക്കിയ കാർഷിക പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അവർ കൃഷി ചെയ്യുന്ന വിളകളുടെയോ സ്ഥല വിസ്തൃതിയുടെയോ അടിസ്ഥാനത്തിലല്ല ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള എല്ലാവർക്കും ഒരേപോലെയാണ് വിത്തും വളവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയോ കൃഷി ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ കരം ഒടുക്കിയ രസീത്, പാട്ടച്ചീട്ട് എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. തെങ്ങ് കൃഷി വികസന പദ്ധതിയിൽ എല്ലാ ഗുണഭോക്താക്കൾക്കും 5 തെങ്ങിൻ തൈകൾ വീതം നൽകി. എന്നാൽ 5 തെങ്ങിൻ തൈകൾ നടാനുള്ള ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടില്ല. കൃഷി ചെയ്യുന്ന വിളകളുടേയും സ്ഥല വിസ്തൃതിയുടേയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാതിരുന്നത് മൂലം കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചവർക്കും ബാങ്ക് വായ്പയുടെയും മറ്റും സഹായത്തിൽ കൂടുതൽ വിസ്തൃതിയിൽ കൃഷി ചെയ്തവർക്കും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടായി.

2. ജൈവവളം വിതരണം ചെയ്യുന്ന പദ്ധതികളിൽ കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്നും ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി തുക കർഷകന്റ അക്കൗണ്ടിലേക്ക് നേരിട്ടു നൽകേണ്ടതുമാണ്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി കൺവീനർമാർ ടെൻഡർ നടപടികൾ കൂടാത കെയ്ക്കോയിൽ നിന്നും നേരിട്ട് വളം വാങ്ങി വിതരണം നടത്തുകയും കൃഷി ഓഫീസർ സബ്സിഡി തുക കെയ്ക്കോയ്ക്ക് നൽകുകയും ചെയ്തു. സർക്കാർ/അർദ്ധ സർക്കാർ/ഗവ.അംഗീകൃത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനസാമഗ്രികൾ മാത്രമേ ടെൻഡർ ഒഴിവാക്കി നേരിട്ടു വാങ്ങാവൂ എന്ന 02.12.2016-ലെ സ.ഉ.(സാധാ)നം.3299/2016/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കെയ്ക്കോയിൽ നിന്നും വിത്തുകളും , ജൈവവളവും, വാങ്ങിയിട്ടുള്ളത്. കാർഷിക യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിനുവേണ്ടി കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കെയ്ക്കോ സ്വന്തമായി ഉൽപാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രമേ ടെൻഡർ കൂടാതെ വാങ്ങാൻ സാധിക്കുവെന്ന്18.12.19-ലെ സ.ഉ.(സാധാ)നം.2881/2019/തസ്വഭവ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്.

3. വിത്തുകൾ പരമാവധി 100 ശതമാനം സബ്സിഡി നിരക്കിൽ എല്ലാ വിഭാഗങ്ങൾക്കും വിതരണം ചെയ്യാവുന്നതാണെന്നും വിത്തുകളുടെ അളവും തുകയും സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയും കൃഷിഭവൻ /എക്കോഷോപ്പ് വഴി വിതരണം നടത്തേണ്ടതുമാണന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആയതിനു വിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത്. കൺവീനർമാർ നേരിട്ടാണ് വിത്തുകൾ വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതി പരിഗണിക്കാതെ എല്ലാവർക്കും ഒരേ പോലെയാണ് വിതരണം നടത്തിയിട്ടുള്ളത്.

4. തെങ്ങുകൃഷി വികസന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമിനത്തിൽ 50015 (20000+30015) രൂപ കൺവീനർ 14.11.2018-ൽ കൃഷി ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. അതിൽ 20000 രൂപ കൃഷി ഓഫീസർ അന്നു തന്നെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ മാനുവൽ രസീത് നം.25792(2) പ്രകാരം 14.11.2018-ൽ കൃഷി ഓഫീസർ കൈപ്പറ്റിയ 30015 രൂപ 26.03.2019-ലാണ് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ടി.തുകയുടെ വിവരങ്ങൾ കൃഷി ഓഫീസിലെ ക്യാഷ് ബുക്കിലും ചേർത്തിട്ടില്ല. ഗ്രാമ പഞ്ചായത്തിനു വേണ്ടി പണം കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ ആയത് അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുക യഥാസമയം പഞ്ചായത്തിൽ ഒടുക്കാതെ നാലര മാസത്തോളം കൈവശം സൂക്ഷിച്ച കൃഷി ഓഫീസറുടെ നടപടി താൽക്കാലിക പണാപഹരണമാണ്.

5. ഗുണഭോക്താക്കളിൽ നിന്നും കൺവീനർമാർ പിരിച്ചെടുത്ത തുകകളുടെയും അവ ചെലവഴിച്ചതിന്റെ യും യാതൊരു രേഖകളും സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പിരിച്ചെടുത്ത തുകകൾക്ക് ഗുണഭോക്താക്കൾക്ക് രസീതുകൾ നൽകിയിട്ടില്ല. പണം സ്വീകരിക്കുന്നതിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് നിശ്ചയിക്കേണ്ടതാണെന്നും എല്ലാ സംഗതിയിലും പണം ഒടുക്കുന്ന ആൾക്ക് നിശ്ചിത മാതൃകയിലുള്ള രസീതി നൽകേണ്ടതാണെന്നും കേരള ട്രഷറി കോഡ് വാല്യം.1 ആർട്ടിക്കിൾ 90(ബി)യിലെ രണ്ടാമത്തെ കുറിപ്പിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനു വിരുദ്ധമായാണ് കൺവീനർമാർ ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതും.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീ:28.01.2020), നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ കാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തന്റെ ചുമതലകൾ കൺവീനർമാരെ ഏൽപ്പിച്ച നടപടി ക്രമ വിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നടപ്പിലാക്കേണ്ട കാർഷിക പ്രോജക്ടുകൾ കൺവീനർമാരെ ചുമതലപ്പെടുത്തി നടപ്പിലാക്കിയത് സംബന്ധിച്ചും ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്താതെ നാലര മാസത്തോളം കൈവശം വച്ചതു സംബന്ധിച്ചും വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

# 1-23 ആയുർവ്വേദ ഡിസ്പൻസറി- കൺസൾട്ടിംഗ് മുറി പ്രവർത്തനസജ്ജമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19-ൽ നടപ്പിലാക്കിയ പ്രോജക്ടാണ് ആയുർവ്വേദ ഡിസ്പൻസറി- കൺസൾട്ടിംഗ് റൂം ഒരുക്കലും സീലിംഗും ഫ്ലോറിംഗും. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 226/19 |
| അടങ്കൽ | 213000/- (തനത് ഫണ്ട് ) |
| ചെലവ് | 116644/- |
| ചെലവ് വിവരം | ചെക്ക് നം. 3165124/27.3.2019 |
| കരാറുകാരൻ | ബബിലു ടോം സക്കറിയ |

ഗവ. ആയുർവ്വേദ ഡിസ്പൻസറി കെട്ടിടത്തിന്റെ മുൻവശത്ത്, ഷീറ്റ് റൂഫിംഗ് ചെയ്ത ഭാഗത്ത് കൺസൾട്ടിംഗ് റൂം നിർമ്മിക്കുന്നതിനും ടി മുറിയും, വെയിറ്റിംഗ് ഏരിയയും ഫ്ലോറിംഗ് ചെയ്യുന്നതിനുമാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. prelaminated particle board ഉപയോഗിച്ച് പാർട്ടീഷൻ ചെയ്താണ് കൺസൾട്ടിംഗ് റൂം നിർമ്മിച്ചത്. എന്നാൽ, പ്രസ്തുത ബോർഡിൽ ഒരെണ്ണം ജീർണ്ണാവസ്ഥയിലാണ്. കൺസൾട്ടിംഗ് റൂമിനായി നിർമ്മിച്ച മുറിയുടെ ഒരു ഭാഗത്ത് ഗ്രിൽ സ്ഥാപിച്ചിരിക്കുകയാണ്. ഇത് കാരണം മഴസമയത്ത് പ്രസ്തുത മുറി ഉപയോഗിക്കാൻ സാധിക്കില്ല. എസ്റ്റിമേറ്റിലെ അപാകത മൂലമാണ് ഇപ്രകാരം മുറി ഉപയോഗശൂന്യമാകാൻ കാരണം. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 5000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി പ്രവൃത്തിയും നടത്തിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കരാറുകാരനെകൊണ്ട് തന്നെ പരിഹരിക്കാൻ ശ്രമിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/31.1.2020) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കൂടാതെ, കൺസൾട്ടിംഗ് മുറിയിലേക്ക് മഴവെള്ളം എത്തുന്നത് തടയുന്നതിന് തൻവർഷം 286/20 എന്ന പദ്ധതി ആവിഷ്കരിച്ചതായും (പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല) ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക തികയാത്തതിനാലും പ്രവൃത്തിയുടെ പൂർത്തീകരണം വാർഷിക പദ്ധതിയുടെ അവസാനഘട്ടത്തിലായിരുന്നതിനാൽ റിവിഷൻ ചെയ്യുക എന്ന സാങ്കേതിക ബുദ്ധിമുട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുകയും ചെയ്തതിനാൽ നടന്നില്ല എന്നും അറിയിച്ചു. എന്നാൽ, പ്രവൃത്തിയ്ക്കായി ആയുർവ്വേദ വകുപ്പിൽ നിന്നും (ഐ.എസ്.എം) 31.12.2017-ൽ തന്നെ 213000/- രൂപ ലഭിച്ചിരുന്നതാണ്. ടി തുക ഇലക്ട്രിഫിക്കേഷന് പ്രവൃത്തിയ്ക്കായി ഉപയോഗിക്കാതിരുന്നതിന്റെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കുറ്റകരമായ അനാസ്ഥ വ്യക്തമാണ്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കി കൺസൾട്ടിംഗ് മുറി പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

## 1-24 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് മതിയായ തുക വകയിരുത്തുന്നില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി തൻവർഷം ആകെ 399700 രൂപ (വികസന ഫണ്ട്- 150000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 149700, ജില്ലാപഞ്ചായത്ത് വിഹിതം-100000) ചെലവഴിച്ചിട്ടുണ്ട്. ആകെ 29 കുട്ടികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28500 രൂപ വരെ നൽകാവുന്നതാണെന്നിരിക്കെ 2018-19-ൽ നൽകിയ പരമാവധി ധനസഹായം 16000 രൂപ മാത്രമാണ്. മതിയായ തുക വകയിരുത്താതിരുന്നതിനാൽ പൂർണ്ണമായ തോതിൽ ധനസഹായം നൽകാൻ കഴിഞ്ഞിട്ടില്ല.

2. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവർക്കും അല്ലാത്തവർക്കും ധനസഹായം നൽകേണ്ടതാണെന്ന് 14.02.2018-ലെ ജി.ഒ.(എം.എസ്.) 22/2018/ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്തവർക്ക് (18 വയസ്സിൽ താഴെയുള്ളവർ) എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്നവർക്ക് ധനസഹായം നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

1. ഇവാൻറോണി പുത്തൻപുരയിൽ

2.മഞ്ജു അലക്സ്

3. ശ്രീനന്ദന ശ്രീനി, ശ്രീനന്ദനം

4. ഗോകുൽ, തേവർതോട്ടത്തിൽ

അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യസുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ്./ സി.ഡി.പി.ഒ. മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നവെന്ന് ഐ.സി.ഡി.എസ്./ സി.ഡി.പി.ഒ.മാർ ഉറപ്പു വരുത്തേണ്ടതുമാണെന്ന് 25.01.2019-ലെ ഡി.എ. 1/19/2019/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസഹായം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 മിനിപാർക്ക് - അവഗണനയുടെ അവസ്ഥയിൽ

| | |
|---|---|
| പ്രോജക്ട് നം. | 229/19 |
| വകയിരുത്തിയ തുക | 100000/- (വികസന ഫണ്ട് - എസ്.സി.പി)<br>1000000/- (ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 100000/-<br>752000 /- |
| ചെലവ് വിവരങ്ങൾ | ട്രഷറി ബിൽ നം. 90/18-19/19.12.18- 100000/-<br>ചെക്ക് നം. 1733522/30.3.19 - 752000/- |
| കരാറുകാരന്റെ പേര് | ബബിലു ടോം സക്കറിയ |

പഞ്ചായത്തിലെ 11-ാം വാർഡിലെ മുതുമരത്തിൽ കുളത്തിന്റെ ചുറ്റും പാർക്ക് നിർമ്മിക്കുന്നതിനാണ് 2017-18-ൽ പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 2017-18-ൽ 1000000/- രൂപ ലഭിച്ചിട്ടുണ്ട്. കുളത്തിന്റെ ചുറ്റും സിമന്റ് സീറ്റും, ഊഞ്ഞാലും, ടോയിലറ്റും നിർമ്മിച്ച് പാർക്കിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ, 1752000 രൂപ ചെലവഴിച്ച മിനിപാർക്ക് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല എന്ന് ഓഡിറ്റിന്റെ ഭൗതിക പരിശോധനയിൽ വ്യക്തമായി. പായലും, പ്ലാസ്റ്റിക്ക് മാലിന്യങ്ങളും കൊണ്ട് വൃത്തിഹീനമായ അവസ്ഥയിലാണ് കുളം. കുളം വൃത്തിയാക്കി, പാർക്കിനെ കൂടുതൽ ആകർഷണീയം ആക്കുന്നതിന് ചെലവാക്കിയ പണം പാഴ്ചെലവായി പരിണമിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി പഞ്ചായത്ത് തയ്യാറാക്കുന്ന പട്ടികജാതി ഉപപദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ നൽകുന്ന വിഹിതമാണ് എസ്.സി.പി ഫണ്ട്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക, സാമൂഹ്യ, പശ്ചാത്തല സൗകര്യ വികസനത്തിനാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കേണ്ടത്. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും ടി വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ് എന്ന് സ.ഉ (കൈ.) 11/2018/തസ്വഭവ തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിന്റെ 11-ാം വാർഡിലെ മുതുമരത്തിൽ കുളത്തിന് ചുറ്റും നിർമ്മിക്കുന്ന പാർക്ക് പട്ടികജാതി വിഭാഗക്കാർക്ക് മാത്രമായി നേരിട്ട് പ്രയോജനം ലഭിക്കുന്നതല്ല. പാർക്ക് പൊതുജനങ്ങൾക്ക് എല്ലാർക്കും ഉപയോഗപ്രദമാണ് എന്നതിനാൽ, എസ്.സി.പി ഫണ്ടിന് പകരം മറ്റ് ഫണ്ടുകൾ വകയിരുത്തി ചെലവഴിക്കാമായിരുന്നതാണ്. പട്ടികജാതി വിഭാഗക്കാർക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്ത ഇത്തരം പദ്ധതികൾക്ക് എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നത് ആശാസ്യമല്ല.

## 1-26 കിണർ റീചാർജ്ജിംഗ് പദ്ധതിയ്ക്ക് ലഭ്യമായ തുക നാളിതുവരെ വിനിയോഗിച്ചില്ല

പഞ്ചായത്തിലെ മഴ പൊലിമ കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി കോന്നി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 വർഷം ലഭിച്ച 1795000/- രൂപയിൽ ഓഡിറ്റ് തീയതി വരെ നാമമാത്ര തുകയാണ്

ചെലവഴിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/31.1.2020) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ജലക്ഷാമമുള്ള 1810 കിണറുകളിൽ റീചാർജ്ജിംഗ് പ്രവൃത്തി നടത്തുവാൻ 2018-19-ൽ പദ്ധതി ആവിഷ്കരിച്ചിരുന്നുവെന്നും, ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് ജി.എസ്.റ്റി ബിൽ ഹാജരാക്കാതിരുന്നതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ല എന്ന് അറിയിച്ചു. ഈ പദ്ധതി 2019-20-ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ കേവലം 3 ഗുണഭോക്താകൾക്കായി 8430/- രൂപയാണ് ചെലവ് നടന്നിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാതെയാണ് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഇത് കാരണം പദ്ധതി വിഹിതമിനത്തിൽ ലഭിച്ച തുക ജനങ്ങൾക്ക് പ്രയോജനമില്ലാതെ അവശേഷിക്കുകയാണ്. പദ്ധതി നിരന്തരമായി സ്പിൽ ഓവർ നടത്തി തുക ചെലവഴിക്കാൻ പഞ്ചായത്ത് സ്വീകരിക്കുന്ന മാർഗ്ഗം ശരിയല്ല. ജല ദൗർലഭ്യം നേരിടുന്ന പ്രദേശത്തെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാക്കാവുന്ന പദ്ധതി ആർക്കും പ്രയോജനമില്ലാത്ത അവസ്ഥയിലാണ്. 2019-20 വർഷം തന്നെ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുകയോ അല്ലാത്ത പക്ഷം തുക തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 സമയബന്ധിത ഹയർഗ്രേഡ് നൽകിയതിനെ തുടർന്നുള്ള ശമ്പള നിർണ്ണയം- അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രമോദിന് 1.7.2014-ന് 16500-35700 രൂപ സ്കെയിലിൽ 21100/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. തുടർന്ന് 23.3.2015-ന് ടിയാൾക്ക് എട്ട് വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു. ആയത് പ്രകാരം ടിയാളുടെ ശമ്പള നിർണ്ണയവും നടത്തിയിട്ടുണ്ട്. 2014 ശമ്പള പരിഷ്കരണം (സ.ഉ(അച്ചടി) 7/16/ധന. തീയതി 20.2.2016) പ്രകാരം ശമ്പളം നിർണ്ണയിച്ചതിന് ശേഷം സമയബന്ധിത ഗ്രേഡ് പ്രകാരമുള്ള ശമ്പളം നിർണ്ണയിച്ചത് ശരിയാണെങ്കിലും, തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ നൽകിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ടിയാൾക്ക് അടുത്ത ഇൻക്രിമെന്റ് 01.03.2016 -ന് നൽകേണ്ടതിന് പകരം, 01.07.2015 ന് (നോർമൽ ഇൻക്രിമെന്റ് തീയതി) നൽകിയത് ക്രമപ്രകാരമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| *2014 ശമ്പള പരിഷ്കരണത്തിന് ശേഷം നൽകിയത്* | *യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നത്* |
|---|---|
| 01.07.2014 - 21100 | 01.07.2014- 21100 |
| ഗ്രേഡിന് ശേഷം- 22200<br>23.03.2015 | ഗ്രേഡിന് ശേഷം- 22200 |
| 01.07.2015- 22800 | 01.03.2016 - 22800 |
| 01.07.2016- 23400 | 01.03.2017 - 23400 |
| 01.07.2017- 24000 | 01.03.2018 - 24000 |
| 01.07.2018- 24600 | 01.03.2019- 24600 |
| 01.07.2019- 25200 | 01.03.2020- 25200 |

ടിയാൾക്ക് 01.07.2015- 29.2.2016, 01.07.2016- 28.02.2017, 01.07.2017- 28.02.2018, 01.07.2018-28.02.2019, 01.07.2019 – 29.02.2020 മുതൽ നാളിതുവരെയുള്ള കാലയളവിൽ ടിയാന് നൽകിയ അധിക ശമ്പളവും ബത്തകളും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2018-19 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നു വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. | നിർവ്വഹണ | പണം അടവാക്കിയ | അടച്ച | ലഭ്യമായ | ലഭിക്കാൻ |
|---|---|---|---|---|---|

| നം. | ഉദ്യോഗസ്ഥന്റെയും പ്രോജക്ടിന്റെയും പേര് | ഏജൻസി /സ്ഥാപനം | തുക | മരുന്നിന്റെ വിവരം | ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0067/19) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 50000 | 12796 | 37204 |
| 2 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ആയുർവ്വേദാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S0004/19) | ഔഷധി | 300000 | 261775 | 38225 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 12.06.2019 | നം.കെഎസ്എ.പിറ്റിഎ.പി1-602(39)/19<br>തീയതി 9.7.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2565350 | ലൈഫ് മിഷൻ (ജനറൽ) | 2550000 | 15350 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 640675 | ലൈഫ് മിഷൻ (പട്ടികജാതി) | 0 | 640675 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 149700 | 300 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 149362 | 50638 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 350000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | ആശ്രയ പദ്ധതി | 50000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 1440776 | ലൈഫ് മിഷൻ (ജനറൽ) | 144000 | 776 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 291200 | ലൈഫ് മിഷൻ (പട്ടികജാതി) | 0 | 291200 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 600000 | നെൽകൃഷി വികസന പദ്ധതി | 600000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | പാലിയേറ്റീവ് കെയർ പദ്ധതി | 150000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | 89-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 1000000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1733521/30.03.2019 | 99710 | 99710 | ഇല്ല |

( പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല)

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21540/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയതി |
|---|---|---|---|---|
| 2008-09 | 3-15 | 3511/- | ലേഖ സി എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 118010100312/2.5.2018 |
| 2013-14 | 3-1 (സി) | 10313/- | സുനിൽ എ ജെ,<br>കൃഷി ഓഫീസർ | 118010100459/17.5.2018 |
| 2012-13 | 3-1 | 7716/- | ബിന്ദു എസ്. കരുണാകരൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 118010104271/6.2.2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം4) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | 2 (അനുബന്ധം5) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81610747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59386933 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25450/- |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 25450/- | ശ്രീമതി ലൈജു എൽ കെ, എച്ച്.എം, ജി.എൽ.പി.എസ് |
| ആകെ | 25450/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലൈജു എൽ കെ, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ് | ഇലഞ്ഞിക്കൽ, കോന്നി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി2/ 643/01 തീയതി 09-01-12 | 1 |

| | | |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/ 17/02<br>തീയതി 30-03-12 | 1 |
| 1997-98<br><br>1997-98 | എൽ.എഫ്.പി.റ്റി.എ.പി2/323/99<br>തീയതി 07-05-12<br><br>എൽ.എഫ്.പി.റ്റി.എ.പി2/315/99 | 34 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/733/2000 തീയതി 26.04.01 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01<br>തീയതി 17-11-01 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി, 2/501/03<br>തീയതി 16.04.03 | 5 |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ.പി2/226/04<br>തീയതി 16-03-04 | 1 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/821/04<br>തീയതി 11-07-2005 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2/263/05<br>തീയതി 02-09-2005 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07<br>തീയതി 16-12-2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09<br>തീയതി 16-10-2009 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09<br>തീയതി 28-04-09 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9/62/10<br>തീയതി 07-04-2011 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10<br>തീയതി 01-03-2011 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11<br>തീയതി 14-12-2013 | 9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11<br>തീയതി 13.07.12 | 11 |
| 2010-11 മുതൽ<br>2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13<br>തീയതി 19.03.14 | 2 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14<br>തീയതി 24.02.14 | 8 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി9/457/15<br>തീയതി 28-07-15 | 8 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16<br>തീയതി 06-08-2016 | 9 |
| | | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/16<br>തീയതി 06-02-2017 | 11 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17<br>തീയതി 18.07.17 | 4 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/180/19<br>തീയതി 03/04/2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

അനുബന്ധം-1

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

**നം.കെ.എസ്.എ.പി.റ്റി.എ.പി9.98/2020** **തീയതി : 05.03.2020**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

**AUDIT CERTIFICATE**

No.KSA.PTA.P9. 98/2020 Dtd: 05.03.2020

Certified that I have Audited the Annual Financial Statement of **Vallicode Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Valliicode Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta